"ഭരണഭാഷ-മാതൃഭാഷ"

## കേരള സർക്കാർ

**സംഗ്രഹം**

ഹോമിയോപ്പതി വകുപ്പ് - ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ, തിരുവനന്തപുരം-ന്റെ 18/11/2022-ലെ OA-1741/2022-നമ്പർ കേസിലെ അന്തിമ ഉത്തരവിനെതിരെ സർക്കാർ ഫയൽ ചെയ്ത OP(KAT)434/2023-നമ്പർ അപ്പീൽ കേസിന്മേലുള്ള ബഹു.ഹൈക്കോടതിയുടെ 27/06/2024-ലെ വിധിന്യായം പാലിച്ചു കൊണ്ട്, കോട്ടയം ജില്ലയിലെ മാഞ്ഞൂർ സർക്കാർ ഹോമിയോ ഡിസ്പെൻസറിയിലെ കാഷ്വൽ സ്വീപ്പർ ആയ ശ്രീമതി അമ്പിളി വർഗ്ഗീസിനെ ടി ഡിസ്പെൻസറിയിൽ പാർട്ട്-ടൈം-സ്വീപ്പർ തസ്തികയിൽ സ്ഥിരപ്പെടുത്തിയും, അന്നു മുതലുള്ള എല്ലാ ആനുകൂല്യങ്ങളും അനുവദിക്കുന്നതിന് അനുമതി നൽകിയും - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

### ആയുഷ് (സി) വകുപ്പ്

സ.ഉ.(കൈ) നം.1/2025/AYUSH തീയതി, തിരുവനന്തപുരം, 25-01-2025

---

പരാമർശം:-
(1) സ.ഉ.(പി)നം.501/2005/ധന. തീയതി 25.11.2005.
(2) സ.ഉ.(പി)നം.61/2010/ധന. തീയതി 09/02/2010.
(3) OA-1741/2022-നമ്പർ കേസിന്മേലുള്ള ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ, തിരുവനന്തപുരം-ന്റെ 18/11/2022-ലെ ഉത്തരവ്.
(4) OP(KAT)434/2023-നമ്പർ അപ്പീൽ കേസിന്മേലുള്ള ബഹു. കേരള ഹൈക്കോടതിയുടെ 27/06/2024-ലെ വിധിന്യായം.
(5) ഹോമിയോപ്പതി വകുപ്പ് മേധാവിയുടെ 15/12/2022, 22/08/2024 എന്നീ തീയതികളിലെ DHTVM/1893/2022-EB1 - നമ്പർ കത്തുകൾ.

**ഉത്തരവ്**

കോട്ടയം ജില്ലയിലെ മാഞ്ഞൂർ സർക്കാർ ഹോമിയോ ഡിസ്പെൻസറിയിൽ കാഷ്വൽ സ്വീപ്പറായി ജോലി ചെയ്തുവരുന്ന ശ്രീമതി അമ്പിളി വർഗ്ഗീസിനെ പാർട്ട്-ടൈം-സ്വീപ്പർ തസ്തികയിൽ റെഗുലറൈസ് ചെയ്യണമെന്നാവശ്യപ്പെട്ട് ടിയാൾ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ, തിരുവനന്തപുരം ബഞ്ച് മുൻപാകെ OA-1741/2022 - നമ്പർ കേസ് ഫയൽ ചെയ്യുകയുണ്ടായി.

(2) ടി കേസിന്മേലുള്ള ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ പരാമർശം-(3) പ്രകാരമുള്ള ഉത്തരവിൽ, പരാതിക്കാരിയെ ടി ഉത്തരവ് ലഭിച്ച് 3 മാസങ്ങൾക്കുള്ളിൽ, അതായത് 25.11.2005 മുതൽ പാർട്ട്-ടൈം-സ്വീപ്പർ തസ്തികയിൽ റെഗുലറൈസ് ചെയ്യുന്നതിനും, തുടർന്ന് 3 മാസങ്ങൾക്കുള്ളിൽ അർഹതപ്പെട്ട

ആനുകൂല്യങ്ങൾ എല്ലാംതന്നെ കണക്കാക്കി നൽകുന്നതിനും നിർദ്ദേശിച്ചിരുന്നു.

(3) ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ ടി ഉത്തരവിനെതിരെ സർക്കാർ ബഹു.കേരള ഹൈക്കോടതി മുൻപാകെ അപ്പീൽ കേസ് ഫയൽ ചെയ്യുകയും, ആയതിന്മേൽ ബഹു.ഹൈക്കോടതി പുറപ്പെടുവിച്ച പരാമർശം-(4) പ്രകാരമുള്ള വിധിന്യായത്തിൽ, അനുവദിച്ച തസ്തികയില്ലായെങ്കിലും സ്വീപ്പിംഗ് ഏരിയയെ സംബന്ധിച്ച മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ റെഗുലറൈസേഷൻ പരിഗണിക്കാവുന്നതാണെന്നും, ടിയാൾ 30/09/2017 മുതൽ മാത്രം റെഗുലറൈസേഷന് അർഹയാണെന്നും നിർദ്ദേശിച്ചുകൊണ്ട് പരാമർശം-(3) പ്രകാരമുള്ള ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ ഉത്തരവ് ഭേദഗതിയോടെ സ്ഥിരീകരിക്കുകയുമുണ്ടായി.

(4) കോട്ടയം ജില്ലയിലെ മാഞ്ഞൂർ സർക്കാർ ഹോമിയോ ഡിസ്പൻസറിയിൽ 01/12/2004 മുതൽ നാളിതുവരെ ശ്രീമതി അമ്പിളി വർഗീസ് കാഷ്വൽ സ്വീപ്പർ ആയി ജോലിചെയ്തു വരികയാണെന്നും, ടി സ്ഥാപനത്തിൽ 28/03/1992-ലെ G.O.(Ms)No. 46/1992/H&FWD-നമ്പർ ഉത്തരവ് പ്രകാരം പാർട്ട്-ടൈം-സ്വീപ്പറുടെ തസ്തിക അനുവദിച്ചിരുന്നുവെന്നും, പ്രസ്തുത സ്ഥാപനം പ്രവർത്തനം ആരംഭിച്ചത് 1992 മുതലാണെന്നും, സ്ഥാപനം പ്രവർത്തനം ആരംഭിച്ചതു മുതൽ 2006 വരെയുള്ള കാലയളവിൽ 42.43 സ്ക്വയർ മീറ്റർ മാത്രം സ്വീപ്പിംഗ് ഏരിയയുണ്ടായിരുന്ന പഞ്ചായത്ത് ഉടമസ്ഥതയിലുള്ള കെട്ടിടത്തിലായിരുന്നു പ്രവർത്തിച്ചിരുന്നതെന്നും, 2006-ൽ സ്ഥാപനത്തിന് സ്വന്തമായി പണികഴിപ്പിച്ച കെട്ടിടത്തിലേയ്ക്ക് പ്രവർത്തനം മാറ്റുകയും ചെയ്തുവെന്നും, ടി കെട്ടിടത്തിന്റെ മുകൾനിലയുടെ നിർമ്മാണ പ്രവർത്തനങ്ങൾ 2017-ൽ പൂർത്തിയായ സാഹചര്യത്തിൽ 22/01/2020-ന് ലഭ്യമായ സ്വീപ്പിംഗ് ഏരിയ സർട്ടിഫിക്കറ്റ് പ്രകാരം സ്വീപ്പിംഗ് ഏരിയ 142.90 സ്ക്വയർ മീറ്റർ ആയി പുനർനിർണ്ണയിച്ചിട്ടുണ്ടെന്നും, ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ പരാമർശം-(3) പ്രകാരമുള്ള ഉത്തരവ് പ്രകാരം ശ്രീമതി അമ്പിളി വർഗ്ഗീസിനെ സ്ഥിരപ്പെടുത്തുന്നതിന് നിർദ്ദേശിച്ചിട്ടുണ്ടെന്നും, ടി ഉത്തരവിനെതിരെ സർക്കാർ അപ്പീൽ ഫയൽ ചെയ്യുയും 30/09/2017 പ്രാബല്യത്തിൽ ടിയാളെ റെഗുലറൈസ് ചെയ്യുന്നതിന് ബഹു.ഹൈക്കോടതി ഉത്തരവിടുകയും ചെയ്തിട്ടുള്ള സാഹചര്യത്തിൽ ശ്രീമതി അമ്പിളി വർഗ്ഗീസിനെ 30/09/2017 പ്രാബല്യത്തിൽ പാർട്ട്-ടൈം-സ്വീപ്പർ തസ്തികയിൽ റെഗുലറൈസ് ചെയ്യുന്നതിന് ശിപാർശ ചെയ്യുന്നുവെന്നും പരാമർശം-(5) പ്രകാരം ഹോമിയോപ്പതി വകുപ്പ് മേധാവി റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(5) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ, തിരുവനന്തപുരം-ന്റെ 18/11/2022-ലെ OA-1741/2022-നമ്പർ കേസിലെ അന്തിമ ഉത്തരവിനെതിരെ സർക്കാർ ഫയൽ ചെയ്ത OP(KAT)434/2023-നമ്പർ അപ്പീൽ കേസിന്മേലുള്ള ബഹു.ഹൈക്കോടതിയുടെ 27/06/2024-ലെ വിധിന്യായം പാലിച്ചു കൊണ്ട്, കോട്ടയം ജില്ലയിലെ മാഞ്ഞൂർ

സർക്കാർ ഹോമിയോ ഡിസ്പെൻസറിയിലെ കാഷ്വൽ സ്വീപ്പർ ആയ ശ്രീമതി അമ്പിളി വർഗ്ഗീസിനെ ടി ഡിസ്പെൻസറിയിൽ പാർട്ട്-ടൈം-സ്വീപ്പർ തസ്തികയിൽ **30/09/2017** പ്രാബല്യത്തിൽ സ്ഥിരപ്പെടുത്തിയും, അന്നു മുതലുള്ള എല്ലാ ആനുകൂല്യങ്ങളും അനുവദിക്കുന്നതിന് അനുമതി നൽകിയും ഉത്തരവ് പുറപ്പെടുവിക്കുന്നു.

**(6)** അപ്രകാരം ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ, തിരുവനന്തപുരം-ന്റെ **18/11/2022**-ലെ **OA-1741/2022**-നമ്പർ കേസിലെ അന്തിമ ഉത്തരവിനെതിരെ സർക്കാർ ഫയൽ ചെയ്ത **OP(KAT)434/2023**-നമ്പർ അപ്പീൽ കേസിന്മേലുള്ള ബഹു.കേരള ഹൈക്കോടതിയുടെ **27/06/2024**-ലെ വിധിന്യായം നടപ്പിലാക്കിയും ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഡോ. രാജൻ നാംദേവ് ഖൊബ്രഗഡെ ഐ എ എസ്
അഡീഷണൽ ചീഫ് സെക്രട്ടറി

1. അഡ്വക്കേറ്റ് ജനറൽ, കേരളം, എറണാകുളം. (ആമുഖ കത്ത് സഹിതം)
2. ഹോമിയോപ്പതി വകുപ്പ് മേധാവി (i/c), തിരുവനന്തപുരം.
3. ശ്രീമതി അമ്പിളി വർഗ്ഗീസ്, കാഷ്വൽ സ്വീപ്പർ, സർക്കാർ ഹോമിയോ ഡിസ്പെൻസറി, മാഞ്ഞൂർ, കോട്ടയം. (ഹോമിയോപ്പതി വകുപ്പ് മേധാവി മുഖാന്തിരം)
4. ജില്ലാ മെഡിക്കൽ ഓഫീസർ (ഹോമിയോ), കോട്ടയം.
5. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ), കേരളം, തിരുവനന്തപുരം.
6. ധനകാര്യ (ഹെൽത്ത്-ബി) വകുപ്പ്. (20/11/2024-ലെ 2373997 HLT-B1/35/2023-FIN -നമ്പർ കുറിപ്പ് പ്രകാരം)
7. വിവര-പൊതുജന സമ്പർക്ക (വെബ് & ന്യൂമീഡിയ) വകുപ്പ്.
8. പൊതുഭരണ (എസ്.സി.) വകുപ്പ്.(ഇനം നം.2651)
9. കരുതൽ ശേഖരം/ഓഫീസ് പകർപ്പ്. (AYU-C2/229/2022-AYUSH)

ഉത്തരവിൻ പ്രകാരം,

Signed by
Pradeep R S
Date: 25-01-2025 11:04:53

സെക്ഷൻ ഓഫീസർ.

പകർപ്പ്:-

1. ബഹു.ആരോഗ്യ-വനിതാ-ശിശുവികസന വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്.
2. ആയുഷ് വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ സി.എ.-യ്ക്ക്.
3. ആയുഷ് വകുപ്പ് ജോയിന്റ് സെക്രട്ടറിയുടെ സി.എ.-യ്ക്ക്.

രഹസ്യം

# കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

**തീയതി : 22-01-2025**

ഫയൽ നം. ആയുഷ്-സി2/229/2022/ആയുഷ്. ഇനം നം: 2651

വിഷയം : ആയുഷ് വകുപ്പ് - കോട്ടയം ജില്ലയിലെ മാഞ്ഞൂർ സർക്കാർ ഹോമിയോ ഡിസ്പെൻസറിയിലെ കാഷ്വൽ സ്വീപ്പറായ ശ്രീമതി. അമ്പിളി വർഗ്ഗീസ്-നെ പാർട്ട്-ടൈം-സ്വീപ്പർ തസ്തികയിൽ 30.09.2017 പ്രാബല്യത്തിൽ സ്ഥിരപ്പെടുത്തിയും, അന്നു മുതലുള്ള എല്ലാ ആനുകൂല്യങ്ങളും അനുവദിക്കുന്നതും.

തീരുമാനം : കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി

(ശരിപ്പകർപ്പ്)

ബിശ്വനാഥ് സിൻഹ
അഡീഷണൽ ചീഫ് സെക്രട്ടറി

അഡീഷണൽ ചീഫ് സെക്രട്ടറി, ആയുഷ് വകുപ്പ്.

VS

23.1.2025

2651

**കേരള സർക്കാർ**
**(ശ്രീ.പിണറായി വിജയൻ മന്ത്രിസഭ)**

**മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്**

| | | |
|---|---|---|
| 1 | ഫയൽ നമ്പർ | ആയുഷ്-സി2/229/2022/ആയുഷ് |
| 2 | വകുപ്പ് | ആയുഷ് (സി) വകുപ്പ് |
| 3 | വിഷയം | കോട്ടയം ജില്ലയിലെ മാഞ്ഞൂർ സർക്കാർ ഹോമിയോ ഡിസ്പെൻസറിയിലെ കാഷ്വൽ സ്വീപ്പറായ ശ്രീമതി അമ്പിളി വർഗ്ഗീസ്-നെ പാർട്ട്-ടൈം-സ്വീപ്പർ തസ്തികയിൽ 30/09/2017 പ്രാബല്യത്തിൽ സ്ഥിരപ്പെടുത്തിയും, അന്നു മുതലുള്ള എല്ലാ ആനുകൂല്യങ്ങളും അനുവദിക്കുന്നതും - സംബന്ധിച്ച്:- |
| 4 | മന്ത്രിസഭാ യോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | 18.12.2024 |
| 5 | i)ഇത് സാമ്പത്തിക ബാദ്ധ്യതയുള്ളതാണോ?<br>ii) സാമ്പത്തിക ബാദ്ധ്യതയുള്ളതാണെങ്കിൽ ധനകാര്യവകുപ്പുമായി ആലോചിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ ? | അതെ<br>ഉണ്ട് |
| 6 | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾള്ളിച്ചിട്ടുണ്ടോ? | ഉണ്ട്<br>ഉണ്ട് |
| 7 | കുറിപ്പ് സമർപ്പിച്ച ജോയിന്റ് സെക്രട്ടറിയുടെ പേര് | ശ്രീമതി സീമ എസ്. |
| 8 | കുറിപ്പ് സമർപ്പിച്ച അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പേര് | ഡോ. രാജൻ നാംദേവ് ഖോബ്രഗഡെ |
| 9 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | 24.12.2024 |
| 10 | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | ശ്രീമതി ശാരദ മുരളീധരൻ |
| 11 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | 15.01.2025 |
| 12 | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | ശ്രീമതി വീണ ജോർജ് |
| 13 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | 16.01.2025 |
| 14 | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | 20.01.2025 |
| 15 | മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി | |
| 16 | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ്/ കത്തിന്റെ നമ്പറും, തീയതിയും. | |

## മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്

കോട്ടയം ജില്ലയിലെ മാഞ്ഞൂർ സർക്കാർ ഹോമിയോ ഡിസ്പെൻസറിയിലെ കാഷ്വൽ സ്വീപ്പറായ ശ്രീമതി അമ്പിളി വർഗ്ഗീസ് ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ മുൻപാകെ ഫയൽ ചെയ്ത OA No.1741/2022 നമ്പർ കേസിലെ 18.11.2022-ലെ അന്തിമ ഉത്തരവിനെതിരെ സർക്കാർ ഫയൽ ചെയ്ത OP(KAT)434/2023-നമ്പർ അപ്പീൽ കേസിന്മേൽ ബഹു.ഹൈക്കോടതി പുറപ്പെടുവിച്ച 27/06/2024-ലെ വിധിന്യായം നടപ്പിലാക്കുന്നത് സംബന്ധിച്ചുള്ളതാണ് ഈ കുറിപ്പിലെ വിഷയം.

2. ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ, തിരുവനന്തപുരം ബെഞ്ച് മുൻപാകെ ശ്രീമതി അമ്പിളി വർഗ്ഗീസ് ഫയൽ ചെയ്ത OA No.1741/2022 നമ്പർ കേസിന്മേലുള്ള 18/11/2022-ലെ ഉത്തരവനുസരിച്ച് പരാതിക്കാരിയെ, ടി ഉത്തരവ് ലഭിച്ച് 3 മാസത്തിനുള്ളിൽ, അതായത് 25.11.2005 മുതൽ പാർട്ട്-ടൈം-സ്വീപ്പർ തസ്തികയിൽ റെഗുലറൈസ് ചെയ്യുന്നതിനും, തുടർന്ന് 3 മാസത്തിനുള്ളിൽ അർഹതപ്പെട്ട ആനുകൂല്യങ്ങൾ എല്ലാംതന്നെ കണക്കാക്കി നൽകുന്നതിനും നിർദ്ദേശിച്ചിരുന്നു.

3. ബഹു.ട്രൈബ്യൂണലിന്റെ 18.11.2022-ലെ അന്തിമ ഉത്തരവിനെതിരെ അപ്പീൽ ഫയൽ ചെയ്യുന്നത് സംബന്ധിച്ച് ധനകാര്യ വകുപ്പിനും, അഡീഷണൽ അഡ്വക്കേറ്റ് ജനറലിനും വ്യത്യസ്ത അഭിപ്രായം/ഉപദേശം ആയതിനാൽ മേൽ വിഷയത്തിൽ നിയമ വകുപ്പിനെ സമീപിച്ചപ്പോൾ ടി വകുപ്പ് ചുവടെ പ്രതിപാദിക്കും പ്രകാരം അഭിപ്രായം അറിയിക്കുകയുണ്ടായി:

"OP (KAT) No.179/2020 (State of Kerala V. Jency KL) കേസിൽ 22/01/2021-ന് പുറപ്പെടുവിച്ച വിധിന്യായത്തിലെ "....This Court has considered similar issues in several cases and has held that in cases of existing casual sweepers who were sweeping area less than 100 M2 and where the sweeping area increased subsequent to the issuance of G.O.(P)No.501/2005/Fin. dated 25.11.2005, they were entitled to be regularised with effect from the date on which the sweeping area exceeded 100 M2" എന്ന ബഹു. ഹൈക്കോടതി വിധിയുടെ കൂടി അടിസ്ഥാനത്തിലാണ് ബഹു. ട്രിബ്യൂണൽ, "Applicant has prayed for creation of a post of Part Time Sweeper and to regularize the service of the applicant with effect from March 2016. But when there is already a post of Part Time Sweeper sanctioned for the dispensary, as stated in the reply statement, it is not necessary to create a post or to direct the respondents to create a post of Part Time Sweeper. Though the applicant

has prayed for regularization only with effect from March 2016, it is seen that Clause 3 Sub Clause 4 of Para 3 of G.O (P) No.62/2010/Fin dated 09/02/2010 provides for regularization of all the Casual Sweepers who were in service as on 25.11.2005. Therefore applicant who has been admittedly continuing with effect from December 2004 is entitled to be regularized with effect from 25.11.2005. .." എന്ന് ഉത്തരവായത്. കൂടാതെ കാലാകാലങ്ങളിൽ സർക്കാർ പുറപ്പെടുവിക്കുന്ന ഉത്തരവുകൾക്കനുസൃതമായി നടപടി സ്വീകരിക്കുവാൻ ബാധ്യതപ്പെട്ട respondents-ന്റെ ഭാഗത്തെ വീഴ്ച കാരണം അപേക്ഷകയ്ക്ക് കിട്ടേണ്ടതായ ആനുകൂല്യങ്ങൾ നിഷേധിക്കാൻ സാധിക്കുകയില്ല എന്നും പറഞ്ഞിട്ടുള്ളതാണ്.

സമാനമായ ഹൈക്കോടതി വിധിയും OA No.1741/2022-ലെ മേൽ നിരീക്ഷണങ്ങളും കണക്കിലെടുക്കുമ്പോൾ OA No.1741/2022 കേസിൽ ബഹു.ട്രിബ്യൂണൽ 18/11/2022-ന് പുറപ്പെടുവിച്ച അന്തിമ ഉത്തരവിനുമേൽ വിജയകരമായ ഒരു അപ്പീൽ സാധ്യത കുറവാണെങ്കിലും ധനകാര്യവകുപ്പിന്റെ 2373997 HLT-B1/35/2023-ധനകാര്യ തീയതി 10/05/2023-ലെയും, 2373997 2373997 HLT-B1/35/2023-FIN തീയതി 12-07-2023-ലെയും അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ സമാനമായ വിധിന്യായങ്ങൾക്കെതിരെ അപ്പീൽ ഫയൽ ചെയ്തിട്ടുണ്ടെങ്കിൽ OA No.1741/2022-ലെ വിധിന്യായത്തിനെതിരെയും അപ്പീൽ ഫയൽ ചെയ്യാവുന്നതാണ്."

4. നിയമ വകുപ്പിന്റെ മേൽ ഉപദേശത്തിന്റെ വെളിച്ചത്തിൽ ബഹു.ട്രിബ്യൂണലിന്റെ 18.11.2022-ലെ അന്തിമ ഉത്തരവിനെതിരെ സർക്കാർ ബഹു.ഹൈക്കോടതി മുൻപാകെ OP(KAT)434/2023 നമ്പർ അപ്പീൽ കേസ് ഫയൽ ചെയ്യുകയും, ആയതിന്മേൽ ബഹു.ഹൈക്കോടതി പുറപ്പെടുവിച്ച 27.06.2024-ലെ വിധിന്യായം പ്രകാരം അനുവദിച്ച തസ്തിക ഇല്ലായെങ്കിലും സ്വീപ്പിംഗ് ഏരിയയെ സംബന്ധിച്ച മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ റെഗുലറൈസേഷൻ പരിഗണിക്കാവുന്നതാണെന്നും ടിയാൾ 30.09.2017 മുതൽ മാത്രം റെഗുലറൈസേഷന് അർഹയാണെന്നും നിർദ്ദേശിച്ചുകൊണ്ട് 18/11/2022-ലെ ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ ഉത്തരവ് മേൽ ഭേദഗതിയോടെ സ്ഥിരീകരിക്കുകയുമാണുണ്ടായത്.

5. കോട്ടയം ജില്ലയിലെ മാഞ്ഞൂർ സർക്കാർ ഹോമിയോ ഡിസ്പൻസറിയിൽ 01/12/2004 മുതൽ നാളിതുവരെ ശ്രീമതി അമ്പിളി വർഗീസ് കാഷ്വൽ സ്വീപ്പർ ആയി ജോലി ചെയ്തു വരികയാണെന്നും, ടി സ്ഥാപനത്തിൽ 28/03/1992-ലെ G.O.(Ms)No.46/1992/H&FWD-നമ്പർ ഉത്തരവ് പ്രകാരം പാർട്ട്-ടൈം-സ്വീപ്പറുടെ തസ്തിക അനുവദിച്ചിരുന്നുവെന്നും, പ്രസ്തുത സ്ഥാപനം പ്രവർത്തനം ആരംഭിച്ചത് 1992 മുതലാണെന്നും, സ്ഥാപനം പ്രവർത്തനം ആരംഭിച്ചതു മുതൽ 2006 വരെയുള്ള കാലയളവിൽ 42.43 സ്ക്വയർ മീറ്റർ

മാത്രം സ്വീപ്പിംഗ് ഏരിയയുണ്ടായിരുന്ന പഞ്ചായത്ത് ഉടമസ്ഥതയിലുള്ള കെട്ടിടത്തിലായിരുന്നു പ്രവർത്തിച്ചിരുന്നതെന്നും, 2006-ൽ സ്ഥാപനത്തിന് സ്വന്തമായി പണികഴിപ്പിച്ച കെട്ടിടത്തിലേയ്ക്ക് പ്രവർത്തനം മാറ്റുകയും ചെയ്തുവെന്നും, ടി കെട്ടിടത്തിന്റെ മുകൾനിലയുടെ നിർമ്മാണ പ്രവർത്തനങ്ങൾ 2017-ൽ പൂർത്തിയായ സാഹചര്യത്തിൽ 22/01/2020-ന് ലഭ്യമായ സ്വീപ്പിംഗ് ഏരിയ സർട്ടിഫിക്കറ്റ് പ്രകാരം 142.90 സ്ക്വയർ മീറ്റർ ആയി പുനർനിർണ്ണയിച്ചിട്ടുണ്ടെന്നും ഹോമിയോപ്പതി ഡയറക്ടർ റിപ്പോർട്ട് ചെയ്യുകയുണ്ടായി.

6. ഒഎ 1741/2022- നമ്പർ കേസിലെ 18.11.2022 ലെ അന്തിമ ഉത്തരവ് പ്രകാരം ശ്രീമതി അമ്പിളി വർഗീസിനെ സ്ഥിരപ്പെടുത്തുന്നതിന് ഉത്തരവായിട്ടുണ്ടെന്നും ടി അന്തിമ ഉത്തരവിനെതിരെ സർക്കാർ അപ്പീൽ ഫയൽ ചെയ്യുകയും 30.09.2017 പ്രാബല്യത്തിൽ ശ്രീമതി അമ്പിളി വർഗ്ഗീസിനെ റെഗുലറൈസ് ചെയ്യുന്നതിന് ബഹു. ഹൈക്കോടതി ഉത്തരവിടുകയും ചെയ്തിട്ടുണ്ട്. ഈ സാഹചര്യത്തിൽ ശ്രീമതി അമ്പിളി വർഗ്ഗീസിനെ 30.09.2017 പ്രാബല്യത്തിൽ പാർട്ട്-ടൈം-സ്വീപ്പർ തസ്തികയിൽ റെഗുലറൈസ് ചെയ്യുന്നതിന് ശിപാർശ ചെയ്യുന്നുവെന്നും ഹോമിയോപ്പതി ഡയറക്ടർ അറിയിച്ചിട്ടുണ്ട്.

7. ബഹു. ഹൈക്കോടതിയുടെ 27/06/2024-ലെ വിധിന്യായം നടപ്പിലാക്കുന്നത് സംബന്ധിച്ച് ധനകാര്യ വകുപ്പ് ചുവടെ ചേർക്കും പ്രകാരം അഭിപ്രായം രേഖപ്പെടുത്തുകയുണ്ടായി:

"കോട്ടയം ജില്ലയിലെ മാഞ്ഞൂർ സർക്കാർ ഹോമിയോ ഡിസ്പൻസറിയിൽ 01/12/2004 മുതൽ കാഷ്വൽ സ്വീപ്പർ ആയി ജോലി ചെയ്തു വരുന്ന ശ്രീമതി അമ്പിളി വർഗ്ഗീസിനെ 30.09.2017 പ്രാബല്യത്തിൽ പാർട്ട്-ടൈം-സ്വീപ്പർ തസ്തികയിൽ സ്ഥിരപ്പെടുത്തി OP(KAT)434/2023 നമ്പർ കേസിലെ ബഹു. ഹൈക്കോടതിയുടെ 27/06/2024 തീയതിയിലെ വിധിന്യായം നടപ്പിലാക്കുന്നതിന് ഭരണ വകുപ്പിന് അനുമതി നൽകുന്നു.

ഇതിന് ബഹു. ധനകാര്യ വകുപ്പ് മന്ത്രിയുടെ അംഗീകാരമുണ്ട്"

8. ശ്രീമതി അമ്പിളി വർഗ്ഗീസ് ഫയൽ ചെയ്ത OA No.1741/2022-നമ്പർ കേസിലെ ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ അന്തിമ ഉത്തരവിനെതിരെ സർക്കാർ ഫയൽ ചെയ്ത OP(KAT)434/2023-നമ്പർ അപ്പീൽ കേസിന്മേലുള്ള ബഹു. ഹൈക്കോടതിയുടെ 27/06/2024-ലെ വിധിന്യായത്തിന്റെ വെളിച്ചത്തിൽ, കോട്ടയം ജില്ലയിലെ മാഞ്ഞൂർ സർക്കാർ ഹോമിയോ ഡിസ്പൻസറിയിലെ കാഷ്വൽ സ്വീപ്പർ ആയ ശ്രീമതി അമ്പിളി വർഗ്ഗീസിനെ ടി ഡിസ്പെൻസറിയിൽ പാർട്ട്-ടൈം-സ്വീപ്പർ തസ്തികയിൽ 30/09/2017 തീയതി പ്രാബല്യത്തിൽ സ്ഥിരപ്പെടുത്തിയും, അന്നു മുതലുള്ള എല്ലാ ആനുകൂല്യങ്ങളും നൽകിയും ഉത്തരവ് പുറപ്പെടുവിക്കാമോ എന്നത് സംബന്ധിച്ച്

ഉത്തരവിനായി ഫയൽ സമർപ്പിച്ചപ്പോൾ ടി വിഷയം മന്ത്രിസഭയുടെ പരിഗണനയ്ക്ക് സമർപ്പിക്കുവാൻ ബഹു.മുഖ്യമന്ത്രി ഉത്തരവായി.

**<u>തീരുമാനിക്കേണ്ട വിഷയം</u>**

കോട്ടയം ജില്ലയിലെ മാഞ്ഞൂർ സർക്കാർ ഹോമിയോ ഡിസ്പൻസറിയിലെ കാഷ്വൽ സ്വീപ്പർ ആയ ശ്രീമതി അമ്പിളി വർഗ്ഗീസിനെ OA No.1741/2022-നമ്പർ കേസിലെ ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ അന്തിമ ഉത്തരവിനെതിരെ സർക്കാർ ഫയൽ ചെയ്ത OP(KAT)434/2023-നമ്പർ അപ്പീൽ കേസിന്മേലുള്ള ബഹു. ഹൈക്കോടതിയുടെ 27/06/2024-ലെ വിധിന്യായത്തിന്റെ വെളിച്ചത്തിൽ, ടി ഡിസ്പെൻസറിയിൽ പാർട്ട്-ടൈം-സ്വീപ്പർ തസ്തികയിൽ 30/09/2017 തീയതി പ്രാബല്യത്തിൽ സ്ഥിരപ്പെടുത്തിയും, അന്നു മുതലുള്ള എല്ലാ ആനുകൂല്യങ്ങളും അനുവദിച്ചും ഉത്തരവാകാമോ ?